(എ) തൃശ്ശൂർ ജില്ലയിൽ കെ.എസ്.ആർ.ടി.സി.യുടെ എത്ര ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഓരോ ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകൾ എത്ര?

(സി) തൃശ്ശൂർ ഡിപ്പോയിൽ ഇപ്പോൾ എത്ര ജോലിക്കാർ ഉണ്ട്; ഇവരിൽ ഓരോ തസ്തികയിലും എത്ര പേർ ജോലി ചെയ്യുന്നുണ്ട്; എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(ഡി) ആമ്പല്ലൂർ, പുതുക്കാട് ഡിപ്പോകൾ നിർത്തലാക്കി പുതുതായി ഒരു ഡിപ്പോ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെ;

(ഇ) പ്രസിദ്ധമായ തൃപ്രയാർ ക്ഷേത്രനടയിൽ നിന്ന് മൂകാംബികയിലേക്ക് ഒരു അന്തർ സംസ്ഥാന സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാല് ഡിപ്പോകളും നാല് ഓപ്പറേറ്റിംഗ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി)

കൊടുങ്ങല്ലൂർ	-	6
മാള	-	29
ചാലക്കുടി	-	36
ഇരിങ്ങാലക്കുട	-	9
തൃശ്ശൂർ	-	74
ആമ്പല്ലൂർ	-	15
പുതുക്കാട്	-	11
ഗുരുവായൂർ	-	30

(കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, ആമ്പല്ലൂർ, പുതുക്കാട് എന്നിവ ഓപ്പറേറ്റിംഗ് സെന്ററുകളാണ്)

(സി) വിവരം ശേഖരിച്ച് മറുപടി സമർപ്പിക്കുന്നതാണ്.

(ഡി) ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഇ) സംസ്ഥാന സർക്കാർ അയൽസംസ്ഥാന സർക്കാരുമായി ഉണ്ടാക്കുന്ന അന്തർ സംസ്ഥാന കരാറുകൾ പ്രകാരമാണ് അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നത്. നിലവിൽ കർണ്ണാടക ഗവൺമെന്റുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ ഈ റൂട്ട് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നിർവ്വാഹമില്ല.

99 (1548) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും നിലവിൽ എത്ര സർവ്വീസുകൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർവ്വീസുകൾ നടത്തുന്നതിന് എത്ര ബസുകൾ വേണം എന്ന് കണക്കാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആലപ്പുഴ ഡിപ്പോയിൽ നിന്ന് സർവ്വീസ് ആരംഭിക്കുന്നതിന് ആവശ്യത്തിന് ബസുകൾ ലഭ്യമല്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആവശ്യത്തിന് ബസുകൾ ലഭ്യമാക്കുന്നതിനും നിലവിലുള്ള ബസുകൾ യഥാസമയം റിപ്പയർ ചെയ്ത് സർവ്വീസ് നടത്തുന്നതിനും അടിയന്തിരമായി നടപടി സ്വീകരിക്കുമോ;

(ഇ) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ അറ്റകുറ്റപ്പണികൾ നടത്തി നവീകരിക്കുന്നതിനുള്ള നടപടി ഏതുവരെയായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(എഫ്) ഡിപ്പോ നവീകരണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) ഡ്രൈവർമാരുടെയും മെക്കാനിക്കൽ സ്റ്റാഫിന്റെയും ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 01.03.99-ലെ കണക്കനുസരിച്ച് 99 സർവ്വീസുകൾ

(ബി) 111 ബസുകൾ (12% സ്പെയർ ഉൾപ്പെടെ) വേണം.

(സി) ഉണ്ട്

(ഡി) ബസുകളുടെ ലഭ്യതയനുസരിച്ച് പുതിയ ബസുകൾ നൽകുന്നതാണ്. വർക്ക്ഷോപ്പിൽ നിർത്തിയിട്ടിരിക്കുന്ന ബസുകൾ പെട്ടെന്നു തന്നെ പണിതീർത്ത് സർവ്വീസിന് യോഗ്യമാക്കുന്നതിനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു.

(ഇ) കാന്റീൻ കെട്ടിടത്തിന്റെയും അതിനുമുകളിലുള്ള ജീവനക്കാരുടെ വിശ്രമമുറികളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. കോർപ്പറേഷന്റെ സാമ്പത്തികനില മെച്ചമാകുന്നതിനനുസരിച്ചേ പണികൾ ഏറ്റെടുത്ത് പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂ.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

(ജി) സ്വീകരിക്കുന്നതാണ്.

100 (1549) പന്തളം ബസ്സ്റ്റേഷന്റെ ശോചനീയാവസ്ഥ

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ ഇന്നുള്ള ശോചനീയാവസ്ഥ പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ടിക്കറ്റ് ആന്റ് ക്യാഷ് സെക്ഷനും, ജീവനക്കാരുടെ വിശ്രമമുറിയും വാടക കെട്ടിടത്തിൽ നിന്നും ബസ്സ്റ്റേഷൻ പരിസരത്തേക്ക് മാറ്റുന്നതിനു വേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടി

LIBRARY ARCHIVES Kerala Legislative Assembly